# യോഹന്നാന്റെ ജനനവും നാമകരണവും: എല്ലാ തലമുറകൾക്കും വേണ്ടിയുള്ള ഒരു സംഭവം ലൂക്കാ 01:57–66

**ആമുഖം**

ഒരു ശിശുവിന്റെ ജനനം എല്ലാ മാതാപിതാക്കൾക്കും വളരെ പ്രധാനപ്പെട്ട സംഭവമാണ്. എന്നിരുന്നാലും, യോഹന്നാന്റെ ജനനം എല്ലാ ജനതകൾക്കും എല്ലാ മനുഷ്യർക്കും ഉള്ള ഒരു പ്രധാന സംഭവമായിരുന്നു.

I. ശിശുവിന്റെ ജനനം (വാക്യങ്ങൾ 57–58)
  a. ദൈവത്തിന്റെ ശക്തി മുദ്രിതമായിരുന്നു.
  b. ദൈവത്തിന്റെ കരുണയാൽ മുദ്രിതമായിരുന്നു.
  c. എല്ലാവർക്കും ആഹ്ലാദത്തിന് കാരണമായി.

II. ശിശുവിന്റെ പേര് പ്രവാചകസാക്ഷ്യത്താൽ മുദ്രിതമായിരുന്നു. (വാക്യങ്ങൾ 59–63)

III. ശിശുവിന്റെ ജനനം പ്രധാനപ്പെട്ട പല സംഭവങ്ങൾക്കും കാരണമായി (വാക്യങ്ങൾ 64–66)

## I. ലൂക്കാ 01:57-58 ദൈവത്തിന്റെ ശക്തിയും കരുണയും

ശിശുവിന്റെ ജനനം ദൈവത്തിന്റെ ശക്തിയും കരുണയും മുദ്രിതമാക്കി.

1. ദൈവത്തിന്റെ ശക്തി ശിശുവിന്റെ ജനനത്തിൽ മുദ്രിതമായിരുന്നു. താഴെ കാണുന്ന യാഥാർത്ഥ്യങ്ങൾ ശ്രദ്ധിക്കുക:

-> എലിസബത്ത് ഗർഭിണിയായത് അവളുടെ വാർദ്ധക്യത്തിലാണ്. ഗർഭധാരണപ്രായം കഴിഞ്ഞിരുന്നു.

-> ദൈവത്തിന്റെ ദൂതൻ സഖറിയായ്ക്ക് പ്രത്യക്ഷപ്പെട്ട്, സംഭവിക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് അറിവുകൊടുത്തിരുന്നു.

ദൈവം അരുൾചെയ്തതുപോലെ തന്നെ ശിശുവിന്റെ ജനനം സംഭവിച്ചത്, ദൈവത്തിന്റെ മഹത്തായ ശക്തിയുടെ തെളിവാണ്. ദൈവം സ്വഭാവിക കാര്യങ്ങളെ നിയന്ത്രണത്തിലാക്കി, അവിടുന്നു വാഗ്ധാനം ചെയ്തതുപോലെ മിശിഹായ്ക്കുവേണ്ടി വഴിയൊരുക്കുവാൻ ഒരുവനെ അയച്ചു.

**ലൂക്കാ 1:37** ദൈവത്തിന് ഒന്നും അസാധ്യമല്ല.

**മത്താ 19:26** യേശു അവരെ നോക്കിപ്പറഞ്ഞു: മനുഷ്യർക്ക് ഇത് അസാധ്യമാണ്; എന്നാൽ, ദൈവത്തിന് എല്ലാം സാധ്യമാണ്.

**ജോബ് 42:2** അങ്ങേക്കെല്ലാം സാധിക്കുമെന്നും അങ്ങയുടെ യാതൊരു ഉദ്ദേശ്യവും തടയാനാവുകയില്ലെന്നും ഞാനറിയുന്നു.

**സങ്കീ 115:3** നമ്മുടെ ദൈവം സ്വർഗത്തിലാണ്; തനിക്കിഷ്ടമുള്ളതെല്ലാം അവിടുന്നു ചെയ്യുന്നു.

2. ദൈവത്തിന്റെ കരുണയാൽ മുദ്രിതമായ കുട്ടിയുടെ ജനനം, ദൈവം കാരുണ്യവാനാണെന്ന് രണ്ട് കര്യങ്ങളിലൂടെ നമുക്കു വ്യക്തമാക്കിത്തരുന്നു.

a. വാഗ്ദാനം ചെയ്യപ്പെട്ടതുപോലെ പിറവികൊണ്ട് യോഹന്നാൻ ദൈവത്തിനു മനുഷ്യരുടെ മേലും, അതുകൂടാതെ ഒരു സാധാരണക്കാരി സ്ത്രീയുടെ ആഗ്രഹത്തിനുമേലുമുള്ള കരുണയെ സൂചിപ്പിക്കുന്നു. അവൾ വന്ധ്യയായിരുന്നു. ആ കാലഘട്ടത്തിലെ ആളുകൾ ആ അവസ്ഥയെ ശാപമായി കരുതിയിരുന്നു. സന്താനങ്ങൾ ദൈവത്തിന്റെ അനുഗ്രഹമായിട്ടാണ് കണ്ടിരുന്നത്, മഹത്തായ ദാനം. വന്ധ്യയായ ഭാര്യയുള്ള ഒരു യഹൂദനെ ദൈവം തന്റെ ബന്ധത്തിൽ നിന്ന് വേർപെടുത്തിയിരിക്കുന്നു എന്നതായിരുന്നു സങ്കൽപ്പം. അതിനാൽ, ഭാര്യയെ ഉപേക്ഷിച്ച്, രണ്ടാമത് ഒരു വിവാഹം കഴിച്ച്, സന്താനങ്ങളെ നൽകുക എന്നതായിരുന്നു രീതി. അതിനാൽ, സന്താനങ്ങൾ ഇല്ലാത്ത അവസ്ഥ, സഖറിയായ്ക്കും എലിസബത്തിനും വളരെയധികം മാനസിക ക്ലേശം നല്കിയ നിമിഷങ്ങളായിരുന്നു. ദൈവത്തിന്റെ പക്കൽനിന്ന് തിരസ്കരിക്കപ്പെട്ടതായും സ്വീകാര്യരല്ലാത്തതായും അവർക്ക് തോന്നി.

**സങ്കീ 103:8** കർത്താവ് ആർദ്രഹൃദയനും കാരുണ്യവാനുമാണ്; ക്ഷമാശീലനും സ്നേഹ നിധിയും ആണ്.

**സങ്കീ 106:1** കർത്താവിനെ സ്തുതിക്കുവിൻ! കർത്താവിനു നന്ദി പറയുവിൻ! അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു.

b. വാസ്തവത്തിൽ, യോഹന്നാനിലൂടെ ദൈവം, രക്ഷാകര പദ്ധതിയിലെ ദൈവിക കരുണയെ വെളിപ്പെടുത്തി. യോഹന്നാൻ മിശിഹായുമായി വളരെയധികം ബന്ധപ്പെടുത്തിയിരിക്കുന്നു. ദൈവം മഹത്തായ ആനുകൂല്യമാണ് യോഹന്നാനു നല്കിയത്. ഇത്ര മഹത്തായ ആനുകൂല്യവും വിളിയും ദൈവത്തിന്റെ മഹനീയമായ കരുണയെ തെളിച്ചുകാണിക്കുന്നു.

***വിചിന്തനം 1:*** ഇതേ ആനുകൂല്യമാണ് ദൈവം നമുക്കും നല്കിയിരിക്കുന്നത്. എല്ലാവരെയും തന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമാക്കാൻ ദൈവം ആഗ്രഹിക്കുന്നു, രക്ഷിക്കപ്പെടുവാനും രക്ഷയുടെ സാക്ഷികളാകുവാനും.

**1 തിമോ 2:3-5** ഇത് ഉത്തമവും നമ്മുടെ രക്ഷകനായ ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യവു മത്രേ. എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആണ് അവിടുന്ന് ആഗ്രഹിക്കുന്നത്. എന്തെന്നാൽ, ഒരു ദൈവമേയുള്ളു. ദൈവത്തിനും മനുഷ്യർക്കും മധ്യ സ്ഥനായി ഒരുവനേയുള്ളൂ — മനുഷ്യനായ യേശുക്രിസ്തു.

3. ശിശുവിന്റെ ജനനം എല്ലാവരെയും ആഹ്ലാദിപ്പിച്ചു. ഒരുവന്റെ ജീവിതത്തിൻമേലുള്ള ദൈവത്തിന്റെ കരുണ എല്ലാവരെയും ആനന്ദിപ്പിക്കുന്നു. എലിസബത്തിന്റെ അയൽക്കാരും ബന്ധുക്കളും വിശ്വാസികളും അവളോടൊപ്പം സന്തോഷിച്ചു. ദൈവത്തിന് ലോകത്തിന്റെ മേൽ കരുണയുണ്ടായിരുന്നു. യോഹന്നാന്റെ ജനനം ആ കരുണയുടെ മഹത്തായ തെളിവായിരുന്നു. ദൈവം വാഗ്ദാനമായ മിശിഹായുടെ ആഗമനത്തെ സൂചിപ്പിക്കാനുള്ള വഴികാട്ടിയായി യോഹന്നാനെ അയച്ചു. വി. ഗ്രന്ഥത്തിലെ പ്രവചനവും, സഖറിയായുടെ സാക്ഷ്യവും തെളിയിക്കുന്നത് യോഹന്നാന്റെ ജനനം ദൈവകരുണയാണ് എന്നുള്ള സത്യ മാണ്. ദൈവം താൻ അരുൾചെയ്തതുപോലെ തന്നെ പ്രവർത്തിച്ചു. അവിടുന്ന് ലോകത്തിലേയ്ക്കു വരാനിരിക്കുന്ന രക്ഷകനു വഴിയൊരുക്കുവാൻ ഒരുവനെ അയച്ചു.

## II. ലൂക്കാ 01:59-63 പ്രവാചക സാക്ഷ്യം

ശിശുവിന്റെ പേര് പ്രവാചകസാക്ഷ്യത്തെ മുദ്രിതമാക്കുന്നു. നടന്ന സംഭവങ്ങൾ താൽപര്യം ജനിപ്പിക്കുന്നവയാണ്. എല്ലാ യഹൂദ ആൺശിശുക്കളും എട്ടാം ദിവസം പരിച്ഛേദനം ചെയ്യപ്പെടേണ്ടവരാണ്. പരിച്ഛേദനം എന്ന യഹൂദകർമ്മം ശിശുവിനെ ദൈവത്തിനു സമർപ്പിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഒരു യഥാർത്ഥ യഹൂദൻ ദൈവത്തിന്റെ അനുയായി ആകുന്നതിന്റെ അടയാളമാണ് പരിച്ഛേദനം. ആ ദിവസമാണ് ശിശുവിനു പേര് ഇടേണ്ടതും.

കുറച്ചു ബന്ധുക്കളും അയൽവാസികളും ശിശുവിന്റെ പിതാവായ സഖറിയായുടെ പേര് നൽകാൻ ആവശ്യപ്പെട്ടു. എന്നാൽ, എലിസബത്ത് വിസമ്മതിച്ചു. കാരണം, സഖറിയായ്ക്ക് മാലാഖ നൽകിയ അരുളപ്പാടിൽ ശിശുവിന് യോഹന്നാൻ എന്ന് പേരു നൽകാൻ ആവശ്യപ്പെട്ടിരുന്നു എന്ന് എലിസബത്തിന് അറിയാമായിരുന്നു. ബന്ധുക്കൾ ഈ വിഷയം സഖറിയായുടെ പക്കൽ ഉന്നയിക്കുകയും, ഏതുപേരാണ് നൽകേണ്ടത് എന്ന് എഴുതാനും ആവശ്യപ്പെട്ടു. സഖറിയാ എന്നു പേരു നൽകാൻ ആവശ്യപ്പെടും എന്നു അവർ വിചാരിച്ചിരിക്കുകയായിരുന്നു. പക്ഷേ, സഖറിയാ അവരെ അത്ഭുതപ്പെടുത്തി. ശിശുവിനു യോഹന്നാൻ എന്നാണു പേരു നൽകേണ്ടത് എന്ന് സഖറിയാ നിജപ്പെടുത്തി. ദൈവത്തെ വീണ്ടും സംശയിക്കുവാനോ അനുസരിക്കാതിരിക്കുവാനോ സഖറിയാ ധൈര്യപ്പെട്ടില്ലാ. ദൈവത്തെ ധിക്കരിച്ചതിനുള്ള ശിക്ഷണത്തിലായിരുന്നു സഖറിയാ.

ഇതു സൂചിപ്പിക്കുന്നത് യോഹന്നാൻ എന്ന പേരിന്റെ പ്രവാചക സാക്ഷ്യത്തെയാണ്. ശിശുവിനു എന്തു പേര് നല്കണമെന്ന് മാലാഖ സഖറിയായോടു പറഞ്ഞിരുന്നു. ശിശുവിന്റെ പേര് യോഹന്നാൻ എന്നായിരുന്നു. സഖറിയാ ദൈവദൂതന്റെ പ്രത്യക്ഷപ്പെടലിനും വാഗ്ദാനത്തിനും ജീവിക്കുന്ന സാക്ഷ്യമായിരുന്നു. യോഹന്നാൻ എന്നത് ദൈവത്തിന്റെ ദൂതൻ നല്കിയ പ്രവാചക നാമമായിരുന്നു. സഖറിയാ ദൈവത്തെ അനുസരിക്കുകയും വാഗ്ദാനത്തിനു കൂട്ടുനിൽക്കുകയും ചെയ്തു; അതുവഴി യോഹന്നാൻ എന്ന പേര് ഉറപ്പിച്ചു കൊണ്ട് പ്രവാചക സാക്ഷ്യം മുദ്രണം ചെയ്തു.

***വിചിന്തനം 1:*** ശിശുവിനു യോഹന്നാൻ എന്ന പേരു നല്കിയത് ഈ സംഭവങ്ങളെല്ലാം സത്യമാണെന്നും നടന്നതാണെന്നും ഉറപ്പു നൽകുന്നു.

***വിചിന്തനം 2:*** പ്രവാചകസാക്ഷ്യം സത്യമാണ്. ശിശുവിനു യോഹന്നാൻ എന്ന് പേര് നൽകികൊണ്ട് സഖറിയാ അത് ഉറപ്പുവരുത്തി.

**യോഹ 20:31** എന്നാൽ, ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത്, യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്.

***വിചിന്തനം 3:*** സഖറിയായുടെ അനുസരണമാണ് അദ്ദേഹത്തെ ദൈവത്തിന്റെ ശിക്ഷയിൽനിന്ന് ഒഴിവാക്കിയത് എന്നത് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. കൂട്ടുകാരുടെ സമ്മർദ്ദത്തിനും അന്നുവരെ നിലനിന്നിരുന്ന കീഴ്വഴക്കത്തിനും (മുത്തമകനു അച്ഛന്റെ പേരു നൽകണമെന്നുള്ളത്) വഴങ്ങാതെ സഖറിയാ കുട്ടിക്ക് യോഹന്നാൻ എന്ന് പേരു നൽകി. ദൈവം സഖറിയായോടു ആവശ്യപ്പെട്ടിരുന്നു, പേരു നൽകുമ്പോൾ എന്തു ചെയ്യണമെന്ന്. സഖറിയാ അത് അനുസരിച്ചതുകൊണ്ട് ദൈവശിക്ഷ അവന്റെ ജീവിതത്തിൽനിന്ന് ഒഴിവായി.

## III. ലൂക്കാ 01:64-66 യോഹന്നാൻ മാംദാനയുടെ ജനനം

ശിശുവിന്റെ ജനനം വിവിധങ്ങളായ പ്രധാനപ്പെട്ട സംഭവങ്ങൾക്ക് കാരണമായി.

1. പിതാവ് അത്ഭുതകരമായി സൗഖ്യപ്പെട്ടു. അനന്തരഫലമായി അവൻ ദൈവത്തിനു സ്തുതികളർപ്പിച്ചു. സഖറിയായുടെ നാവിന്റെ കെട്ടുകൾ അഴിക്കപ്പെട്ടു, കഴിഞ്ഞ ഒൻപതു മാസങ്ങളായി ബധിരനും മൂകനുമായി കഴിയുകയായിരുന്നു അവൻ. ദൈവം അവനെ സുഖപ്പെടുത്തി. അവന്റെ കാതുകൾ തുറക്കുകയും നാവിന്റെ കെട്ടുകൾ അഴിക്കുകയും, അതുവഴി അവൻ എന്തായിരുന്നുവോ ചെയ്യേണ്ടത് അത് അവൻ ചെയ്തു: ദൈവത്തെ സ്തുതിക്കുക. ശ്രദ്ധിക്കേണ്ട ഒരു വസ്തുത: അവസാനമായി അവൻ സംസാരിച്ച വചനങ്ങൾ ചോദ്യം ചെയ്യലിന്റെയും, അവിശ്വസ്തതയുടെയും, സംശയത്തിന്റെയും ആയിരുന്നു (ലൂക്കാ 1:18).

2. ജനങ്ങൾ അമ്പരന്നു. ബഹുമാനപൂർവ്വകമായ ഒരു അമ്പരപ്പ്, അത് ദൈവത്തോടുള്ള ബഹുമാനത്തിൽ നിന്ന് ഉളവായതായിരുന്നു. നടന്ന സംഭവങ്ങൾ കണ്ടും നടക്കാൻ പോകുന്ന കാര്യങ്ങളെ ഓർത്തും ജനം അത്ഭുതംകൊണ്ടു. ദൈവം പ്രവൃത്തിക്കുക യായിരുന്നു. ദൈവത്തിന്റെ കരം വ്യക്തമായിരുന്നു.

3. ഈ സംഭവങ്ങൾ നാട്ടിലെങ്ങും വ്യാപിച്ചു. ദൈവത്തിന്റെ കരങ്ങൾ ഈ ശിശുവിന്മേലുണ്ട് എന്നാതായിരുന്നു നാട്ടിലെ ചർച്ചാവിഷയം. (ശ്രദ്ധിക്കുക: ഇതു തന്നെയല്ലേ എല്ലാവരു ടേയും ചർച്ചാവിഷയമാകേണ്ടത്? ദൈവത്തിന്റെ പ്രവർത്തനങ്ങളല്ലയോ എല്ലാവരുടേയും ചർച്ചയുടെ കേന്ദ്രബിന്ധുവായിരിക്കേണ്ടത്?)

4. നിറവേറിയ കാര്യങ്ങൾ കുട്ടിയെ ചുറ്റിപ്പറ്റിയായിരുന്നു. ആളുകൾ ആ സംഭവങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുകയും ശ്രദ്ധയോടെ വീക്ഷിക്കുകയും ചെയ്തു. അവർ കേട്ട തൊന്നും വിസ്മരിച്ചില്ല. കുട്ടിയെ സംബന്ധിച്ച വാർത്തയിൽ അസ്വഭാവികത ഉണ്ടായിരു ന്നു. കുട്ടിയെക്കുറിച്ചുള്ള പ്രതീക്ഷ ഉയരുകയും, അത് മനസ്സിൽ സൂക്ഷിച്ചവർ കുട്ടി വളർന്നുവരുന്നതും സംഭവിക്കാനിരിക്കുന്നവ കാണുവാനും ആഗ്രഹിക്കുകയും ചെയ്തു.

   ***വിചിന്തനം 1:*** ഈ നാലുകാര്യങ്ങളും നമ്മുടെ ജീവിതത്തിലും പൂർത്തികരിക്കേണ്ടതാണ്. നമ്മൾ ദൈവത്തെ സ്തുതിക്കുകയും, ദൈവിക സംഭവങ്ങളിൽ അത്ഭുതപ്പെടുകയും, അവ കൂടുതൽ സ്ഥലങ്ങളിൽ പ്രഘോഷിക്കുകയും, യോഹന്നാനെക്കുറിച്ചുള്ള പദ്ധതി ഗ്രഹിക്കുകയും ചെയ്യണം. മിശിഹായ്ക്കു വഴിയൊരുക്കുന്നവനായ യോഹന്നാനെക്കുറിച്ചു അറിയുവാനുള്ള ഭാഗ്യം നമ്മുക്കു ലഭിച്ചു.

   **1 പത്രോ 1:17-20** ഓരോരുത്തനെയും പ്രവൃത്തികൾക്കനുസരിച്ചു നിഷ്പക്ഷമായി വിധി ക്കുന്നവനെയാണ് നിങ്ങൾ പിതാവെന്നു വിളിക്കുന്നതെങ്കിൽ, നിങ്ങളുടെ ഈ പ്രവാസ കാലത്തു ഭയത്തോടെ ജീവിക്കുവിൻ. പിതാക്കൻമാരിൽ നിന്നു നിങ്ങൾക്കു ലഭിച്ച വ്യർഥ മായ ജീവിതരീതിയിൽനിന്നു നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ സ്വർണ മോകൊണ്ടല്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ. കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേ തുപോലുള്ള ക്രിസ്തുവിന്റെ അമൂല്യരക്തം കൊണ്ടത്രേ. അവനാകട്ടെ, ലോകസ്ഥാപന ത്തിനു മുൻപു തന്നെ നിയോഗിക്കപ്പെട്ടിരുന്നവനും ഈ അവസാന കാലത്ത് നിങ്ങൾക്കായി വെളിപ്പെടുത്തപ്പെട്ടവനുമാണ്.

**സങ്കീ 111:9-10** അവിടുന്നു തന്റെ ജനത്തെ വീണ്ടെടുത്തു; അവിടുന്നു തന്റെ ഉടമ്പടി ശാശ്വതമായി ഉറപ്പിച്ചു; വിശുദ്ധവും ഭീതിദായകവുമാണ് അവിടുത്തെ നാമം. ദൈവഭക്തി യാണ് ജ്ഞാനത്തിന്റെ ആരംഭം; അതു പരിശീലിക്കുന്നവർ വിവേകികളാകും. അവിടുന്ന് എന്നേക്കും സ്തുതിക്കപ്പെടും!

**സങ്കീ 89:7** വിശുദ്ധരുടെ സമൂഹം അവിടുത്തെ ഭയപ്പെടുന്നു; ചുറ്റും നിൽക്കുന്നവരെക്കാൾ അവിടുന്ന് ഉന്നതനും ഭീതിദനുമാണ്. ■

## ഫിലിപ്പിയർ 03:03 പരിച്ഛേദനം

സത്യദൈവത്തിന്റെ അനുയായി ആയ ഒരു വ്യക്തി തന്റെ ശരീരത്തൽ (ബാഹ്യമായ അട യാളത്തിലൂടെ) പരിച്ഛേദന കർമ്മം നടത്തിയിരിക്കണം എന്നതായിരുന്നു ക്രിസ്തുവിനു മുമ്പുള്ള നിയമം. അബ്രാഹത്തിനും ഇസ്രായേൽ ജനത്തിനും ദൈവം നൽകിയ വാഗ്ദാന ങ്ങളിൽ ഒരുവൻ വിശ്വസിക്കുന്നതിന്റെ അടയാളമായിരുന്നു മേൽപറഞ്ഞ കർമ്മം. (ഉത്പ 17:10–14; റോമാ 4:11). പരിച്ഛേദനം ഒരു അടയാളമെന്നതിൽ കവിഞ്ഞു കൂടുതലായി ഒരു പ്രാധാന്യവും അതിനു ദൈവം കൊടുത്തില്ല. ഒരു വ്യക്തിക്കും, അബ്രാഹത്തിനുപോലും ഇതൊരു നീതികരണമാകുന്നില്ല (റോമാ 4:9–10). ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള മനു ഷ്യന്റെ വിശ്വാസത്തിന്റെ ഒരു അടയാളം മാത്രമാണത് — അവിടുത്തെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നവർക്കു നീതികരണം ലഭിക്കുന്നു. അതിനാൽ ദൈവവിശ്വാസത്തിന്റെ അടയാളമായി പരിച്ഛേദന കർമ്മം നടത്തുകയാണ് ചെയ്തിരുന്നത്.

പരിച്ഛേദനത്തിന്റെ ഉദ്ദേശശുദ്ധിയെ ഏറെപ്പേർ തെറ്റിദ്ധരിച്ചു.

1. യഥാർത്ഥ നീതികരണത്തിനു പകരമായി പരിച്ഛേദനത്തെ കരുതിയവരുണ്ട്. പരിച്ഛേദന കർമ്മം നടത്തപ്പെട്ട ഒരാൾ ദൈവകരങ്ങളിൽ സുരക്ഷിതരാണെന്ന് ചിലർ തെറ്റായി ധരിച്ചു. ഒരു ദൈവപൈതൽ ദൈവവിശ്വാസിയും മനുഷ്യ സ്നേഹിയും ആകേണ്ടി യിരിക്കുന്നു. വിശുദ്ധിയുള്ള (നിർമ്മലമായ) ഒരു ഹൃദയം ഉണ്ടാകുന്നതിനായി ഹൃദയ ത്തിൽ പരിച്ഛേദനം നടത്താതെ യഹൂദരുടെ നിയമപ്രകാരം ജഢത്തിൽ മാത്രം പരിച്ഛേ ദനം നടത്തുകയാണ് പലരും ചെയ്തത്. പരിച്ഛേദനം ബാഹ്യമായ ഒരു അടയാളം മാത്രമായി മാറുകയാണുണ്ടായത്.

2. ജനത്തെ വിഭജിക്കാനും തരം തിരിക്കാനുമായി പരിച്ഛേദന കർമ്മം ഒരു ഉപാധിയായി മാറി. അപരിച്ഛേദിതരും പരിച്ഛേദിതരും എന്നു രണ്ടായി വിഭജിക്കപ്പെട്ടു. (അവർക്കിട യിൽ വിഭജനത്തിന്റെ വലിയൊരു മതിൽ തീർക്കപ്പെട്ടു.) (അപ്പോ 10:1; 1 സാമു 17:26, 36; 2 സാമു 1:20.) ദൈവത്തിന്റെ സ്വന്തം ജനം എന്നു കരുതപ്പെട്ടിരുന്ന യഹൂദരിൽനിന്നും, പരിച്ഛേദിതരിൽനിന്നും മാത്രമല്ല, പിന്നെയോ ദൈവത്തിൽ നിന്നുപോലും വെട്ടിമാറ്റപ്പെ ട്ടവരായി അപരിച്ഛേദിതരെ കണക്കാക്കിയിരുന്നു (അപ്പോ 10:1–33). ഹീനമായിട്ടാണ് (അ സംതൃപ്തിയോടെയാണു) ഒരു അപരിച്ഛേദിതനെ അക്കാലത്ത് ജനം കണ്ടിരുന്നത്. ഇസ്രായേൽ ജനതയെ മാത്രം സ്നേഹിക്കുന്ന, മറ്റെല്ലാ ജനവിഭാഗങ്ങളെയും തള്ളിക്ക ളയുന്നവനാണ് ദൈവം എന്ന മിഥ്യാബോധമായിരുന്നു യഹൂദജനത്തിനുണ്ടായിരു ന്നത്. (വിജാതിയ രാജ്യങ്ങൾ).

3. ക്രിസ്തുനാഥന്റെ വരവോടെ ശരീരത്തിൽ നടത്തുന്ന പരിച്ഛേദനത്തിന് പ്രസക്തി ഇല്ലാതായി (ഗലാ 5:6, 6:15; കൊളോ 2:11). നീതികരണത്തിന്റെ അടയാളമായ പരിച്ഛേദനം ഹൃദയത്തിലും ആത്മാവിലുമാണ് നടക്കേണ്ടത്. ആത്മാവിൽ പരിച്ഛേദനം നടന്നില്ല എങ്കിൽ ശാരീരിക പരിച്ഛേദനം പ്രയോജനരഹിതമായിത്തീരുന്നു (റോമാ 2:25–29; 4:8–12, 23–25). ആന്തരീകമായി, ദൈവീക പ്രകൃതിയിലേയ്ക്കും ദൈവീക സ്വഭാവത്തിലേയ്ക്കും (ദൈവീക ശ്രേഷ്ഠതയിലേയ്ക്കും) വീണ്ടും ജനിക്കുന്ന ഒരുവനാണ് യഥാർത്ഥമായി നീതികരിക്കപ്പെട്ടവൻ. ആത്മാവിൽ വീണ്ടും ജനിക്കുന്നവൻ യഥാർത്ഥ നീതീകരണം സ്വന്തമാക്കുന്നു. ആത്മാവിൽ വീണ്ടും ജനിക്കുന്നവൻ പുതുസൃഷ്ടിയായി മാറുന്നു (യോഹ 3:3; 1 പത്രോ 1:20; 2 പത്രോ 1:4). □